"ഭരണഭാഷ-മാതൃഭാഷ"

DWCD/6356/2024-E8

വനിതാ-ശിശു
വികസന വകുപ്പ്

വനിതശിശുവികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
തീയതി: 04-12-2024
ഇമെയിൽ : wcdestablishment2017@gmail.com
ഫോൺ : 0471-2346508

**സർക്കുലർ**

വിഷയം: വനിത ശിശുവികസന ഡയറക്ടറേറ്റ് – ജീവനക്കാര്യം – അസിസ്റ്റന്റ് ഡയറക്ടർ, ജില്ലാ വനിത ശിശുവികസന ഓഫീസർ, പ്രോഗ്രാം ഓഫീസർ, എന്നീ തസ്തികകളിലേയ്ക്ക് ഉദ്യോഗകയറ്റം – DPC (ഹയർ) 2025 കൂടുന്നതിനായ് കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ക്ഷണിക്കുന്നത് സംബന്ധിച്ച്:

സൂചന: 1) സ.ഉ (സാധാ) നം. 3113/2021/പൊ.ഭ.വ തീയതി 18.08.2021
2) 18/12/2023 ലെ വ. ശി. വി. വ ഡയറക്ടറുടെ DWCD/618/2023-E8 നം. സർക്കുലർ
3) 17/08/2024 ലെ വ. ശി. വി. വ ഡയറക്ടറുടെ DWCD/618/2023-E8 നം. സർക്കുലർ

വിവര സാങ്കേതിക വിദ്യ അടിസ്ഥാനമാക്കി ജീവനക്കാരുടെ സേവന വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഓൺലൈൻ വഴി സമർപ്പിക്കുന്നതിന് പരാമർശ പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുവാൻ ബാധ്യസ്ഥരായ വകുപ്പിലെ ജീവനക്കാർ 2021 വർഷം മുതൽ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഓൺലൈനായി സമർപ്പിച്ച് വരുന്നുണ്ട്. 2023 വർഷം വരെയുള്ള CR ഓൺലൈനായി ചെയ്യുന്നതിന് പരാമർശം (2) പ്രകാരം നിർദ്ദേശിച്ചിരുന്നു.

വനിത ശിശുവികസന വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടർ, ജില്ലാ വനിത ശിശുവികസന ഓഫീസർ, പ്രോഗ്രാം ഓഫീസർ എന്നീ തസ്തികകളിലേയ്ക്ക് 2025 കലണ്ടർ വർഷം പ്രതീക്ഷിക്കുന്ന ഒഴിവുകളിലേയ്ക്ക് ഉദ്യോഗകയറ്റം നൽകുന്നതിനായി DPC (ഹയർ) കൂടേണ്ടതുണ്ട്. ഇതിലേയ്ക്കായി **2021, 2022, 2023** വരെയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഇതിനകം സമർപ്പിച്ചിട്ടില്ലാത്ത ജില്ലാ വനിതാ ശിശുവികസന ഓഫീസർ, പ്രോഗ്രാം ഓഫീസർ, സീനിയർ സൂപ്രണ്ട്, ശിശുവികസന പദ്ധതി ഓഫീസർ തസ്തികകളിലെ ജീവനക്കാർ ഈ പരിപത്ര തീയതി മുതൽ **5** ദിവസത്തിനകം കോൺഫിഡൻഷ്യൽ റിപ്പോർട്ട് പൂർത്തിയാക്കി സമർപ്പിക്കേണ്ടതാണ്. മുൻ വർഷത്തെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട് പ്രോമോഷൻ ലഭിക്കാത്ത മേൽ പറഞ്ഞ തസ്തികകളിലെ ജീവനക്കാരും കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ യഥാസമയം സമർപ്പിക്കേണ്ടതാണ്.

എല്ലാ ജീവനക്കാരും സ്കോർ ഓൺലൈൻ പോർട്ടലിൽ (WWW.Score.kerala.gov.in) രജിസ്റ്റർ ചെയ്ത് കൊണ്ട് അതിൽ ലഭ്യമായ user manual

ലെ നിർദ്ദേശ പ്രകാരം അതാത് വർഷത്തെ CR സമർപ്പിക്കേണ്ടതും ആയത് പരാമർശം (3) പ്രകാരമുളള റിപ്പോർട്ടിംഗ്/റിവ്യൂവിംഗ് ഓഫീസർമാർ Approve ചെയ്യേണ്ടതാണെന്നും നിർദ്ദേശിക്കുന്നു. ഇതു സംബന്ധിച്ച സംശയ നിവാരണത്തിനായി 1800-425-1857 എന്ന ടോൾ ഫ്രീ നമ്പരിലും info.score@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിലും ഡയറക്ടറേറ്റിലെ എസ്റ്റാബ്ളിഷ്മെന്റ് (E8) വിഭാഗവുമായോ ബന്ധപ്പെട്ട് പരിഹരിക്കാവുന്നതാണ്.

കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കാത്ത ജീവനക്കാരെ ഒരു അറിയിപ്പും കൂടാതെ തന്നെ ഒഴിവാക്കികൊണ്ട് DPC (ഹയർ) കൂടുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ANILKUMAR G
SENIOR ADMINISTRATIVE OFFICER
വനിതശിശുവികസന ഡയറക്ടർക്ക് വേണ്ടി

പകർപ്പ്:

1. ബന്ധപ്പെട്ട ജീവനക്കാർക്ക്.
2. എല്ലാ കീഴ്ക്കാര്യാലയ മേധാവികൾക്കും
3. സൂപ്രണ്ട്, ഐ റ്റി സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
4. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.